"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്-കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ ശമ്പളേതര ചെലവുകൾക്കായി തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

G.O.(Rt) No.1190/2025/AGRI തീയതി,തിരുവനന്തപുരം, 12-12-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം. 400/2025/കൃഷി തീയതി 25.04.2025
2. സ.ഉ (സാധാ) നം. 618/2025/കൃഷി തീയതി 20.06.2025
3. സ.ഉ (എംഎസ്) നം. 101/2025/കൃഷി തീയതി 25.08.2025
4. സ.ഉ (സാധാ) നം. 991/2025/കൃഷി തീയതി 21.10.2025
5. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 21.11.2025 തീയതിയിലെ എ-2360/2024/KSFDRC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-01-36 (NP) ശീർഷകത്തിൽ ശമ്പളേതര ഇനത്തിൽ 53.81 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പരാമർശം 1 മുതൽ 4 വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം പ്രസ്തുത ശീർഷകത്തിൽ നിന്നും 38.39 ലക്ഷം രൂപ ശമ്പളേതര ഇനത്തിൽ വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേൽ ഉത്തരവുകൾ പ്രകാരം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചതിനാൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-01-36 (NP) ശീർഷകത്തിൽ നിന്നും ബഡ്ജറ്റ് വിഹിതത്തിൽ ബാക്കി നിൽക്കുന്ന 15,42,000/- രൂപ ശമ്പളേതര ചെലവുകൾക്കായി അനുവദിക്കണമെന്നും, കൂടാതെ പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No.701011400000151 ലേക്ക് മാറ്റി നൽകുന്നതിനുള്ള അനുമതിയും കൂടി നൽകണമെന്നും കമ്മീഷൻ സെക്രട്ടറി പരാമർശം 5ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 11/25 മുതൽ 12/25 വരെയുള്ള കാലയളവിലെ ശമ്പളേതര ചെലവുകൾക്കായി 2401-00-104-86-01-36 (NP) ശീർഷകത്തിൽ നിന്നും 9,60,000/- (ഒൻപത് ലക്ഷത്തി അറുപതിനായിരം രൂപ ) വിതരണം ചെയ്യുന്നതിനും, പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No.701011400000151 ലേക്ക് മാറ്റി നൽകുന്നതിനും കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANOOP M R
JOINT SECRETARY

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ,
വെൺപാലവട്ടം, ആനയറ പി.ഓ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (11.12.2025 തീയതിയിലെ 3122769/Agri-C1/78/2025-Fin പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 12-12-2025 10:46:37